**നതാ: സ്മ തേ നാഥ സദാംഘ്രിപങ്കജം വിരിഞ്ചവൈരിഞ്ച്യ സുരേന്ദ്രവന്ദിതം**
**പരായണം ക്ഷേമമിഹേച്ഛതാം പരം ന യത്ര കാല: പ്രഭവേത് പരപ്രഭു: (1-11-6)**
**തമയം മന്യതേ ലോകോ ഹ്യസംഗമപി സംഗിനം**
**ആത്മൗപമ്യേന മനുജം വ്യാപൃണ്വാനം യതോഽബുധ: (1-11-37)**

സൂതൻ തുടർന്നു:
തലസ്ഥാനനഗരിക്കടുത്തെത്തിയപ്പോൾ ശ്രീകൃഷ്ണൻ ശംഖൂതി തൻെറ തിരിച്ചുവരവറിയിച്ചു. അതോടെ ആഘോഷങ്ങളുടെ തുടക്കമായി. നഗരത്തിന് ഉത്സവച്ഛായതന്നെയുണ്ടായിരുന്നു. ജനങ്ങൾ വഴിയരുകിൽ വരിവരിയായിനിന്ന് ഭഗവാൻെറ ദിവ്യപ്രഭവിളങ്ങുന്ന മുഖം നേരിൽക്കണ്ടാസ്വദിച്ചു. അവർ തങ്ങളുടെ പ്രേമവും ഭക്തിയും ബഹുമാനവും പ്രകടിപ്പിച്ചുകൊണ്ട് ഭഗവാനു സ്വാഗതമരുളി.

“ഭഗവാനേ, അവിടുത്തെ താമരപ്പൂവൊത്തപാദങ്ങളിൽ ഞങ്ങൾ നമസ്കരിക്കുന്നു. ദേവകൾവന്ദിക്കുന്ന അചഞ്ചലമായ ആ പദകമലങ്ങളെയാണല്ലൊ മുക്തിസാധകരും ഉപാസിക്കുന്നത്? അവിടുന്ന് ഞങ്ങളുടെ അച്ഛനുംഅമ്മയുംസുഹൃത്തും മാത്രമല്ല സൃഷ്ടാവും പരമവിഗ്രഹവുമാണ്. ഞങ്ങൾ ലോകത്തിലേക്കു വെച്ചേറ്റവും അനുഗ്രഹീതരത്രെ. അതുകൊണ്ടാണല്ലൊ അങ്ങയെ അടുത്തുതന്നെ കിട്ടാൻ ഇടയായത്. അവിടുത്തെ പ്രഭാവം അപാരംതന്നെ. ഇത്ര അടുത്തിടപഴകിയിട്ടും കുറച്ചു നിമിഷം അങ്ങിവിടെനിന്നു പോകുമ്പോൾ യുഗങ്ങൾ കടന്നുപോകുന്നതുപോലെ തോന്നുന്നു.”

ഭഗവാൻ കടന്നുപോയ ഇടങ്ങളിലെല്ലാം തോരണങ്ങളും മറ്റലങ്കാരപ്പണികളും നിറച്ചുണ്ടായിരുന്നു. ആകാശത്തിൽനിന്ന് പുഷ്പവൃഷ്ടിയുമുണ്ടായി. ബ്രാഹ്മണർ വേദപാഠങ്ങളുരുവിട്ടു. ഗായകർ പാടി. സ്ത്രീകൾ നൃത്തംചെയ്തു. അന്തരീക്ഷത്തിലെങ്ങും ആഹ്ലാദമലയടിച്ചു. ഇതിനെല്ലാമിടയിലും കടന്നുപോയനഗരവീഥികളിൽ ഭഗവാൻ എല്ലാവരേയും വണങ്ങിയും കൈവീശിയും കരുണാകടാക്ഷം പൊഴിച്ച് സർവ്വരേയും സന്തുഷ്ടരാക്കി. കൂട്ടത്തിൽ താഴ്ന്നവരായ ഹീനജാതിക്കാരെപ്പോലും നെഞ്ചോടണച്ചാശ്ലേഷിച്ചു. എല്ലാവരേയും അഭിവാദനംചെയ്ത് പുഞ്ചിരിയുംതൂകി ആവശ്യപ്പെട്ട വരദാനങ്ങൾ നൽകി അദ്ദേഹമങ്ങിനെനീങ്ങി. ഗുരുജനങ്ങളേയും വയോവൃദ്ധന്മാരേയും സ്ത്രീകളേയും വന്ദിച്ച് സ്വയം അനുഗ്രഹം തേടുകയും ചെയ്തു.

ആദ്യം അദ്ദേഹം തൻെറ മാതാപിതാക്കളുടെ കൊട്ടാരത്തിൽക്കയറി അവരുടെ കാൽതൊട്ടുവണങ്ങി. പിന്നീട് പ്രേമപൂർവ്വം ഭാര്യമാർ താമസിക്കുന്ന കൊട്ടാരത്തിലേക്കുപ്രവേശിച്ചു. ഭഗവൽപ്രേമത്തിനു പാത്രങ്ങളായ ഈ സ്ത്രീകളാകട്ടെ അവിടുത്തെമാത്രം മനസാ ധ്യാനിച്ച് കാത്തിരിക്കുകയായിരുന്നു. അദ്ദേഹം ദുഷ്ടനിഗ്രഹത്തിനു സാക്ഷ്യംവഹിച്ച് തിരിച്ചെത്തിയിരിക്കുകയാണല്ലൊ. എന്നാൽ ഭഗവാനിപ്പോൾ ഭാര്യമാരുടെ പ്രിയകാന്തനായി വന്നിരിക്കുന്നു. അദ്ദേഹത്തിന് ലോകവ്യാപാരപരങ്ങളായ കെട്ടുപാടുകൾ ഇല്ലെങ്കിൽക്കൂടി മായയുടെ അതിശക്തികൊണ്ട് അങ്ങിനെ കാണപ്പെടുകയാണ്. അജ്ഞരായജനങ്ങൾ തങ്ങളെപ്പോലെതന്നെ ഭഗവാനും ലോകവ്യാപാരനിമഗ്നനായിരിക്കുന്നതുകണ്ടിട്ട് നേട്ടങ്ങൾമാത്രമുള്ള ഒരുത്തമമനുഷ്യനായി അദ്ദേഹത്തെ കണക്കാക്കുന്നു. ഇതുതന്നെയാണ് അവിടുത്തെ ദിവ്യമഹിമ. നശ്വരമെന്നു തോന്നിച്ച് പ്രകൃതിക്കടിമപ്പെട്ടമട്ടിൽ കഴിയുമ്പോഴും അവിടുന്ന് യാതൊരുവിധ ഗുണദോഷങ്ങളാലും കളങ്കപ്പെടുന്നില്ല. പ്രകൃതിയിലെ സത്വ-രജസ്-തമോ ഗുണങ്ങൾ ഒന്നും അവിടുത്തെ ബാധിക്കുന്നുമില്ല. അവിടുത്തെ പാദങ്ങളിൽ അഭയം തേടുന്നവർക്കും ത്രിഗുണങ്ങളുടെ കളങ്കം ബാധിക്കയില്ല.